✎ ടി.കെ ഉബൈദ്



ഖുർആൻ ബോധനം

1007

# സൂറ – 31 / ലുഖ്മാൻ

## സൂക്തം: 13 – 13

നന്ദിയും കൂറും ആത്യന്തികമായി അല്ലാഹുവിനോട് മാത്രമാകുമ്പോഴേ നിഷ്കളങ്കവും യഥാർഥവുമാവുകയുള്ളൂ. മറ്റെന്തിനോടുമുള്ള നന്ദി അല്ലാഹുവിനോടുള്ള നന്ദിവികാരത്തിനു വിധേയമായിരിക്കണം. സൃഷ്ടിക്ക് താൽക്കാലികവും സോപാധികവുമായ നന്ദിയും കൂറും പലതിനോടുമാകാം. ഈ വികാരങ്ങൾ സ്ഥായിയും നിരുപാധികവും പരമവുമായ രൂപത്തിൽ അല്ലാഹുവിനോടു മാത്രമേ പാടുള്ളൂ.

وَإِذْ قَالَ لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ يَا بُنَيَّ لَا تُشْرِكْ بِاللَّهِ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾

13. ലുഖ്മാൻ സ്വന്തം പുത്രനെ ഉപദേശിച്ചുകൊണ്ട് പറഞ്ഞത് ഓർക്കുക: എന്റെ വത്സലപുത്രാ, നീ ആരെയും അല്ലാഹുവിന്റെ പങ്കുകാരാക്കരുത്. അല്ലാഹുവിന് പങ്കുകാരെ കൽപിക്കുന്നത് മഹാ ധിക്കാരമാകുന്നു.

### 13

وَإِذْ قَالَ لُقْمَانُ = ലുഖ്മാൻ പറഞ്ഞത് ഓർക്കുക; لِابْنِهِ = അദ്ദേഹത്തിന്റെ (സ്വന്തം) മകനോട്

وَهُوَ يَعِظُهُ = അദ്ദേഹം അവനെ ഉപദേശിച്ചുകൊണ്ട്; يَا بُنَيَّ = എന്റെ കുഞ്ഞു മകനേ (വത്സലപുത്രാ)

لَا تُشْرِكْ بِاللَّهِ = നീ (ആരെയും) അല്ലാഹുവിന്റെ പങ്കാളിയാക്കരുത്

إِنَّ الشِّرْكَ = പങ്കുവെക്കൽ (അല്ലാഹുവിന് പങ്കുകാരെ കൽപിക്കുന്നത്)

لَظُلْمٌ عَظِيمٌ = മഹാ അക്രമം, ധിക്കാരം തന്നെയാകുന്നു

അല്ലാഹു അരുളിയ ഉതവിയാൽ ലുഖ്മാനുൽ ഹകീം കണ്ടെത്തിയ മൗലിക സത്യമാണ് മുൻ സൂക്തം പരാമർശിച്ചത്. തുടർന്ന് അദ്ദേഹം പുത്രനു നൽകിയ ഉപദേശം ഉദ്ധരിക്കുകയാണ്. ഉപദേശം തുടങ്ങുന്നത് പ്രിയ മകനേ – يَا بُنَيَّ എന്നു വിളിച്ചുകൊണ്ടാണ്. മുന്നിൽ നിൽക്കുന്ന മകനെ സംബോധന ചെയ്യാൻ ഇങ്ങനെയൊരു വിളി ആവശ്യമില്ല. എന്നിട്ടും അദ്ദേഹം മകനേ എന്നല്ല എന്റെ കുഞ്ഞുമോനേ എന്ന് സംബോധന ചെയ്തുകൊണ്ട് പറയുന്നത് ഉപദേശത്തിന്റെ പ്രചോദനം തനിക്ക് മകനോടുള്ള സ്നേഹവും വാത്സല്യവുമാണെന്ന് കുറിക്കാനാണ്. ابن-ന്റെ കുറുക്ക് (تصغير) രൂപമാണ് بُنَيَّ. ഇതിന്റെ അസ്സൽ രൂപം بُنَيِّيْ എന്നാകുന്നു. മൂന്ന് യാഉ(ياء)കൾ ഒരുമിച്ച് ഉച്ചരിക്കുന്നതിന്റെ ക്ലിഷ്ടത ഒഴിവാക്കാൻ ഒരു യാഇനെ അനുക്തമാക്കി. അവശേഷിച്ച രണ്ട് യാഉകളിൽ ഒന്നിനെ മറ്റേതിൽ ലയിപ്പിച്ച (ادغام)രൂപമാണ് بنيّ. ഇതിലെ അവസാന യാഅ് വക്താവിനെ(متكلم) കുറിക്കുന്നതാണ്. അതുകൊണ്ട് يَا بُنَيِّ എന്നും പാഠമുണ്ട്.

നന്ദിയും കൂറും ആത്യന്തികമായി അല്ലാഹുവിനോട് മാത്രമാകുമ്പോഴേ നിഷ്കളങ്കവും യഥാർഥവുമാവുകയുള്ളൂ. മറ്റെന്തിനോടുമുള്ള നന്ദി അല്ലാഹുവിനോടുള്ള നന്ദിവികാരത്തിനു വിധേയമായിരിക്കണം. സൃഷ്ടിക്ക് താൽക്കാലികവും സോപാധികവുമായ നന്ദിയും കൂറും പലതിനോടുമാകാം. ഈ വികാരങ്ങൾ

സ്ഥായിയും നിരുപാധികവും പരമവുമായ രൂപത്തിൽ അല്ലാഹുവിനോടു മാത്രമേ പാടുള്ളൂ. കാരണം മനുഷ്യന് ലഭിക്കുന്നതെന്തും ആത്യന്തികമായി വരുന്നത് അല്ലാഹുവിങ്കൽനിന്നാണ്. മറ്റുള്ളവരെല്ലാം അത് മാതാപിതാക്കളാവട്ടെ, ഗുരുക്കന്മാരാവട്ടെ, അധികാരികളാവട്ടെ ദൈവേഛകൾ നമ്മിൽ നടപ്പിലാക്കുന്ന മാധ്യമങ്ങൾ മാത്രമാകുന്നു. അവരോടൊക്കെയും അവർഹിക്കുന്ന നന്ദിയുണ്ടായിരിക്കണം. അതു പക്ഷേ, അല്ലാഹുവിനോടുള്ള നന്ദിയുടെ മീതെയോ അവനെ വിസ്മരിച്ചുകൊണ്ടുള്ളതോ ആയിക്കൂടാ. സൃഷ്ടികളോട് പുലർത്തുന്ന അത്തരം നന്ദി അവരെ അല്ലാഹുവിന്റെ സമന്മാരും പങ്കാളികളുമാക്കലാകുന്നു. സാക്ഷാൽ ദൈവത്തെ അവഗണിച്ചുകൊണ്ട് അവന്റെ സൃഷ്ടികളായ ദാസന്മാരോട് നന്ദിയും കൂറും പുലർത്തുന്നത് സാക്ഷാൽ ദൈവത്തെ നിന്ദിക്കലുമാകുന്നു.

ബഹുദൈവാരാധനയെ-ശിർക്കിനെ- ഏറ്റം ഗുരുതരമായ അക്രമം- ظُلْمٌ عَظِيمٌ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. അക്രമം, അനീതി, പീഡനം, അവകാശബാധ്യതകളുടെ നിഷേധം തുടങ്ങിയ ആശയങ്ങൾ വഹിക്കുന്ന പദമാണ് ظلم. ശിർക്ക് ഒരേസമയം സ്രഷ്ടാവിന്റെ അവകാശങ്ങൾ നിഷേധിക്കുന്നു. അവന്റെ മാത്രം അടിമയായിരിക്കുക എന്ന സൃഷ്ടിയുടെ ബാധ്യത നിഷേധിച്ച് അവന്റെ നിസ്സാര സൃഷ്ടികളുടെ അടിമത്തം സ്വീകരിച്ച് സ്വയം നികൃഷ്ടനാകുന്നു. അതുവഴി മറ്റെല്ലാ വസ്തുക്കളുടെയും കാര്യങ്ങളുടെയും യാഥാർഥ്യങ്ങളും അവയുമായുള്ള ബന്ധങ്ങളും അവൻ കീഴ്മേൽ മറിക്കുന്നു. സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുന്നതിനു പകരം മനുഷ്യൻ തന്നെ തന്റെ ദൈവത്തെ സൃഷ്ടിച്ച് ആരാധിക്കുന്നു. കല്ലുകൊണ്ടും ലോഹം കൊണ്ടും താൻ നിർമിച്ച ദൈവങ്ങളുടെ പേരിൽ പുരോഹിതന്മാരും പൂജാരികളും നിയമങ്ങളുണ്ടാക്കുന്നു. തോന്നുംപടി ആചാരങ്ങൾ നടപ്പിലാക്കുന്നു. ഈ ആചാരലംഘനം മഹാ പാപം! അല്ലാഹുവിന്റെ അവകാശം കൈയിലെടുക്കുകയും മറ്റുള്ളവർക്ക് സമർപ്പിക്കുകയും ചെയ്യുന്നത് അക്രമത്തിന്റെ പരമകാഷ്ഠയാകുന്നു. ഈയിടെ കേരളത്തിലെ ശബരിമല ക്ഷേത്രത്തിലെ സ്ത്രീപ്രവേശത്തെച്ചൊല്ലി അങ്ങോളമിങ്ങോളം നടമാടിയ കോലാഹലങ്ങൾ കണ്ണ് തുറന്നു കണ്ടവർക്ക് ഖുർആൻ എന്തുകൊണ്ട് ശിർക്കിനെ ظُلْمٌ عَظِيمٌ എന്നു വിശേഷിപ്പിച്ചുവെന്ന് അനായാസം മനസ്സിലാകുന്നതാണ്.

ദൈവം ഒന്നേയുള്ളൂ എന്നതു ശരിതന്നെ. എങ്കിലും ആളുകൾ പല ദൈവങ്ങളിൽ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നു. അവരങ്ങനെ ചെയ്തുകൊള്ളട്ടെ. അതുകൊണ്ട് ദൈവത്തിനെന്തു കുഴപ്പം? ഒറ്റ ദൈവത്തെ മാത്രമേ ആരാധിക്കാവൂ എന്നു ശഠിക്കുന്നതെന്തിന്? ഇങ്ങനെ ചോദിക്കുന്നവരുണ്ട്. ആളുകൾ പല ദൈവങ്ങളെ ആരാധിക്കുന്നതുകൊണ്ട് ദൈവത്തിന് ഒരു കുഴപ്പവും വരുന്നില്ല. കുഴപ്പമുണ്ടാകുന്നത് മനുഷ്യർക്കാണ്. അതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്. അതിലേറെ പരോക്ഷമായ കുഴപ്പങ്ങളുമുണ്ട്. അതിൽ ഏറ്റം ഗുരുതരമാണ് പരലോകത്ത് നേരിടുന്ന നാശങ്ങളും നഷ്ടങ്ങളും. അതുകൊണ്ട് ബഹുദൈവത്വം ലാഘവബുദ്ധിയോടെ കാണേണ്ട കാര്യമല്ല. മനുഷ്യന്റെ ഐഹികവും പാരത്രികവുമായ അസ്തിത്വവുമായി ദൃഢബന്ധമുള്ള വിഷയമാണത്. എന്നുവെച്ച് ആരും ബഹുദൈവങ്ങളിൽ വിശ്വസിച്ചുകൂടാ എന്ന് ദൈവത്തിന് ശാഠ്യമൊന്നുമില്ല. ഇഛിക്കാനും തെരഞ്ഞെടുക്കാനും അവൻ മനുഷ്യർക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. അവനിഷ്ടമുള്ളത് വിശ്വസിക്കാം, ആചരിക്കാം. لَا إِكْرَاهَ فِي الدِّينِ-ദീനിൽ ബലാൽക്കാരമില്ല- എന്ന് ഖുർആൻ അസന്ദിഗ്ധമായി പ്രസ്താവിച്ചിരിക്കുന്നു. സത്യം വിശ്വസിക്കാൻ ജനത്തെ നിർബന്ധിക്കേണ്ടതില്ലെന്ന് പ്രവാചകനോടും കൽപിച്ചു (10:99). ദൈവിക സന്ദേശം ജനങ്ങളിൽ പ്രബോധനം ചെയ്യുക മാത്രമാണ് പ്രവാചകന്റെ ദൗത്യം- وَمَا عَلَى الرَّسُولِ إِلَّا الْبَلَاغُ . വിശ്വാസവും അവിശ്വാസവും വ്യക്തികളുടെ തെരഞ്ഞെടുപ്പാണ്. وَقُلِ الْحَقُّ مِن رَّبِّكُمْ فَمَن شَاءَ فَلْيُؤْمِن وَمَن شَاءَ فَلْيَكْفُرْ(പ്രവാചകൻ പറയുക. ഇത് സത്യമാകുന്നു. ഇഷ്ടമുള്ളവർക്ക് വിശ്വസിക്കാം, ഇഷ്ടമുള്ളവർക്ക് തള്ളി


7-ാം പതിപ്പ്




ദൈവാസ്തികൃത്തിന്റെ ഭൗതിക ദൃഷ്ടാന്തങ്ങൾ
ഇമാം ഗസ്സാലി
വിവ. മുഹമ്മദ് ശമീം ഉമരി

"ഉറച്ച വിശ്വാസമുള്ളവർക്ക് ഭൂമിയിൽ എത്രയോ ദൃഷ്ടാന്തങ്ങളുണ്ട്. നിങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നില്ലേ?" – പതിനാല് നൂറ്റാണ്ടുമുമ്പ് വിശുദ്ധ ഖുർആൻ നൽകിയ ആഹ്വാനം പൂർവിക മുസ്‌ലിം പണ്ഡിതൻമാരെ ശാസ്ത്രരംഗത്ത് എത്രത്തോളം പ്രചോദിപ്പിച്ചുവെന്ന് വിളിച്ചോതുന്നതാണ് ഇമാം ഗസ്സാലിയുടെ ഈ ലഘുകൃതി. സൂര്യൻ, ചന്ദ്രൻ, വായു, വെള്ളം, പറവകൾ, ഇഴജന്തുക്കൾ, നാൽക്കാലികൾ, കൃമികീടങ്ങൾ തുടങ്ങി സൃഷ്ടികളുടെ ഘടനയിലും സ്വഭാവത്തിലും വിളങ്ങുന്ന ജ്ഞാനത്തിന്റെയും യുക്തിയുടെയും ദൃഷ്ടാന്തങ്ങൾ അനാവരണം ചെയ്തുകൊണ്ട് ദൈവാസ്തിക്യവും അനുപമഗുണങ്ങളും വായനക്കാർക്ക് ചൂണ്ടിക്കാണിച്ചുതരികയാണ് ഇമാം ഗസ്സാലി. ആയിരത്തിലേറെ കൊല്ലങ്ങൾക്കു മുമ്പുതന്നെ ഇസ്‌ലാമിക പണ്ഡിതൻമാർ പ്രപഞ്ച വസ്തുക്കളുടെ ഘടനയും പ്രകൃതിയും എത്രമാത്രം സൂക്ഷ്മമായും ശാസ്ത്രീയമായും നിരീക്ഷിക്കുകയും വിശദീകരിക്കുകയും ചെയ്തിരുന്നുവെന്നറിയുമ്പോൾ ആധുനിക മനുഷ്യൻ അമ്പരക്കുക തന്നെ ചെയ്യും.

ISLAMIC PUBLISHING HOUSE
PH: 0495 2720072, 2724618, WP NO: 9544299877
Online store: www.iphkerala.com/store/

ക്കളയാം -18:29).

ഒരു സത്യം സത്യമാണെന്നും അസത്യം അസത്യമാണെന്നും ഉറപ്പിച്ചു പറയുന്നത് ശാഠ്യമോ ബലാൽക്കാരമോ അല്ല. പറയപ്പെടുന്നവരോടുള്ള സ്നേഹവും കാരുണ്യവുമാണ്, സത്യത്തോടുള്ള പ്രതിബദ്ധതയാണ്. അതാണ് സൂറാരംഭത്തിൽ ഖുർആൻ സൂക്തങ്ങളെ هُدًى وَرَحْمَةً -സന്മാർഗദർശകവും അനുഗ്രഹവും- എന്നു വിശേഷിപ്പിച്ചതിലൂടെ സൂചിപ്പിച്ചത്. അഗ്നികുണ്ഡത്തിലേക്ക് ഓടിയടുക്കുന്നവരോട് ഒരിക്കലും അതിലേക്ക് പോകരുതെന്ന് ഉറപ്പിച്ചും തറപ്പിച്ചും പറയുന്നത് അഗ്നിയോടുള്ള വിരോധം കൊണ്ടല്ല. അതിൽ ചാടാൻ പോകുന്നവരുടെ സ്വാതന്ത്ര്യം നിഷേധിക്കാനുമല്ല. അവരെ നാശത്തിൽനിന്ന് രക്ഷിക്കുന്നതിനു വേണ്ടിയാണ്. പക്ഷേ ഖുർആന്റെ ഇത്തരം ശാസനകളെ മൂഢജനങ്ങൾ ദൈവത്തിന്റെ സ്വാർഥതയായും ശാഠ്യമായും മാനുഷിക സ്വാതന്ത്ര്യത്തിന്റെ നിഷേധമായും കാണുകയാണ്.

സാധാരണ രീതിയിൽ ദീനീപ്രബോധനം ആരംഭിക്കുക അല്ലാഹുവിൽ വിശ്വസിക്കുവിൻ- آمنوا بالله , അല്ലാഹുവിനെ മാത്രം ആരാധിക്കുവിൻ- اعبدوالله, അല്ലാഹുവല്ലാതെ ദൈവമില്ല- لااله الاالله എന്നൊക്കെയാണ്. ഇവിടെ ലുഖ്മാൻ ആദ്യം മകനോട് പറയുന്നത് 'പ്രിയപുത്രാ, നീ ദൈവത്തിൽ പങ്കുചേർക്കരുത്'- يَا بُنَيَّ لَا تُشْرِكْ بِاللَّهِ എന്നാണ്. ഇതിന്റെ ഔചിത്യത്തെ വ്യാഖ്യാതാക്കൾ ഇങ്ങനെ വിശദീകരിച്ചിരിക്കുന്നു: ലുഖ്മാനുൽ ഹകീം ജീവിച്ചത് ജാഹിലീ കാലഘട്ടത്തിലാണ്. അദ്ദേഹത്തിന്റെ സമുദായം വിഗ്രഹാരാധകരായിരുന്നു. വിഗ്രഹാരാധനയോടായിരുന്നു ഈ പുത്രന്റെയും താൽപര്യം. ആ താൽപര്യത്തെ സംബോധന ചെയ്യുകയാണ് ലുഖ്മാൻ. യമനിലെ രാജാവായിരുന്ന ലുഖ്മാൻ എന്ന് കരുതുന്നവർ അദ്ദേഹം മകന് അധികാരം കൈമാറിയ സന്ദർഭത്തിൽ നൽകിയതാണീ ഉപദേശമെന്ന് അഭിപ്രായപ്പെടുന്നു. നിന്റെ നിയമനിർമാണത്തിന്റെയും ഭരണക്രമത്തിന്റെയും ആധാരം ഏകദൈവത്തിലുള്ള വിശ്വാസവും കൂറുമായിരിക്കണമെന്നാണതിന്റെ സാരം.

ഈ സൂക്തവുമായി ബന്ധപ്പെട്ട് അബ്ദുല്ലാഹിബ്നു മസ്ഊദ് പ്രസ്താവിച്ചതായി ബുഖാരിയും മുസ്‌ലിമും ഉദ്ധരിക്കുന്നു: *അൽ അൻആമി*ലെ الَّذِينَ آمَنُوا وَلَمْ يَلْبِسُوا إِيمَانَهُم بِظُلْمٍ أُولَٰئِكَ لَهُمُ الْأَمْنُ وَهُم مُّهْتَدُونَ (സത്യവിശ്വാസം കൈക്കൊള്ളുകയും ആ വിശ്വാസത്തെ അധർമം കൊണ്ട് മലിനപ്പെടുത്താതിരിക്കുകയും ചെയ്തവർക്കുള്ളതാകുന്നു സമാധാനം. അവർ തന്നെയാണ് സന്മാർഗസ്ഥരും) എന്ന 82-ാം സൂക്തം അവതരിച്ചപ്പോൾ പ്രവാചകശിഷ്യന്മാർ ഉത്കണ്ഠാകുലരായി. അവർ ചോദിച്ചു: ''ദൈവദൂതരേ, ഈമാനിനെ അധർമം കൊണ്ട് മലിനപ്പെടുത്താത്തവരായി ഞങ്ങളിൽ ആരാണുള്ളത്?'' അവരെ ആശ്വസിപ്പിച്ചുകൊണ്ട് പ്രവാചകൻ പറഞ്ഞു: ''നിങ്ങൾ കരുതുന്ന അർഥമല്ല അതിനുള്ളത്. സച്ചരിതനായ ദൈവദാസൻ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ എന്നു പറഞ്ഞത് കേട്ടിട്ടില്ലേ? ശിർക്കാണ് ഇപ്പറഞ്ഞ ظلم.''

ഈ സൂക്തം പ്രബോധന സംസ്കാരത്തെ കൂടി പ്രകാശിപ്പിക്കുന്നതായി പണ്ഡിതന്മാർ ദർശിക്കുന്നു. സ്വന്തം മകനെയാണദ്ദേഹം ഉപദേശിക്കുന്നത്, ഗുരുതരമായ ഒരു തെറ്റു തിരുത്താൻ. അപ്പോഴും അദ്ദേഹം അവനെ സംബോധന ചെയ്യുന്നത് എന്റെ പ്രിയമുള്ള കുഞ്ഞുമോനേ, വത്സലപുത്രാ എന്നാണ്. പ്രബോധകന്റെ ഗുണകാംക്ഷയും സ്നേഹകാരുണ്യങ്ങളും നിറഞ്ഞുതുളുമ്പുന്നതാണീ സംബോധന. പുത്രനെ വളരെ കാലം ഈവിധം നിരന്തരം പ്രബോധനം ചെയ്തുകൊണ്ടിരുന്നതിന്റെ ഫലമായിട്ടാണ് ഒടുവിൽ അവൻ ലുഖ്മാന്റെ ഉപദേശം സ്വീകരിച്ചതെന്ന് ചിലർ പറയുന്നു. എടാ, പോടാ എന്നു വിളിക്കാൻ അധികാരമുള്ള മക്കളോടു പോലും പ്രബോധകൻ സ്വീകരിക്കേണ്ട സമീപനം ഇതാണെങ്കിൽ അകന്നവരോടും അന്യരോടും സ്വീകരിക്കേണ്ടത് ഇതിനേക്കാൾ സൗമ്യവും സ്നേഹമസൃണവുമായ സമീപനമാണെന്ന് വ്യക്തമാണല്ലോ.

*അന്നിസാഅ്* 63-ാം സൂക്തം പറയുന്നു: فَأَعْرِضْ عَنْهُمْ وَعِظْهُمْ وَقُل لَّهُمْ فِي أَنفُسِهِمْ قَوْلًا بَلِيغًا (അവരോട് വിട്ടുവീഴ്ച കാണിക്കുക, സദുപദേശം ചെയ്യുക. അവരുടെ മനസ്സുകളിൽ തറക്കുന്ന വാക്കുകൾ പറയുക). തന്നെ ആട്ടിയോടിച്ച സ്വപിതാവിനെ ഇബ്റാഹീം (അ) പ്രബോധനം ചെയ്യുന്നത് يَا أَبَتِ (എന്റെ പ്രിയ പിതാവേ) എന്ന് സംബോധന ചെയ്തുകൊണ്ടാണ് (19:42).

ادْعُ إِلَىٰ سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ (യുക്തിപൂർവവും നല്ല ഉപദേശങ്ങൾ കൊണ്ടും നിന്റെ നാഥനിലേക്ക് ജനത്തെ ക്ഷണിക്കുക). ഉപദേശം തന്നെ നല്ലതാണ്. അതിനെ حسنة -നന്മയെന്ന് പ്രത്യേകം വിശേഷിപ്പിക്കുമ്പോൾ ഉപദേശത്തിന്റെ അവതരണം കൂടി നന്നായിരിക്കണമെന്ന ആശയം ലഭിക്കുന്നു. മൂസാ-ഹാറൂൻ പ്രവാചകന്മാരെ ഫറവോന്റെ കോട്ടാരത്തിലേക്കയക്കുമ്പോൾ അവിടെ ചെന്ന് മയത്തിൽ സംസാരിക്കണമെന്ന് - قولا له قولا لينا -എന്ന് അല്ലാഹു പ്രത്യേകം ഉണർത്തുന്നതു കാണാം.

●